# SECOND YEAR HIGHER SECONDARY EXAMINATION
# PART - II
# MALAYALAM

TIME :2.30 Hrs

**Maximum : 80 Scores**

Cool off Time : 15 Minutes

**1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് രണ്ടുത്തരം വീതം തിരഞ്ഞെടുക്കുക. 2 സ്കോർ വീതം.** **(5×2=10)**

1. ഗബ്രിയേൽ ഗാർസിയ മാർക്വേസിനെ സംബന്ധിക്കുന്ന രണ്ട് പ്രസ്താവനകൾ കണ്ടെത്തുക.
   - നോബേൽ സമ്മാന ജേതാവ്.
   - യൂറോപ്യൻ എഴുത്തുകാരൻ
   - മാജിക്കൽ റിയലിസത്തിന് പ്രാധാന്യം നൽകി.
   - സർറിയലിസത്തിന്റെ വക്താവ്.
2. പുലിക്കോട്ടിൽ ഹൈദറിന്റെ കൃതികളുടെ രണ്ട് സവിശേഷതകൾ.
   - ഇസ്ലാമിക ഇതിവൃത്തങ്ങൾക്കു പ്രാധാന്യം
   - കേരളീയതയ്ക്ക് പ്രാധാന്യം
   - നാട്ടുമൊഴി ഭാഷ
   - ഗഹനമായ ഭാഷ
3. 'കിരാതവൃത്തം' എന്ന കവിതയിലെ രണ്ട് ദൃശ്യബിംബങ്ങൾ കണ്ടെത്തുക.
   - നെഞ്ചത്ത് പന്തം കുത്തി നിൽക്കുന്ന കാട്ടാളൻ
   - കാട്ടാറിന്റെ തരിവള കിലുക്കം
   - കാറ്റിന്റെ ചിലങ്കകൾ
   - കറുകപ്പുൽത്തുമ്പത്തെ അമ്പിളിയുടെ കളമെഴുത്ത്.
4. 'വാംഖഡെയുടെ ഹൃദയത്തുടിപ്പുകൾ' എന്ന പാഠഭാഗത്തിന്റെ പ്രത്യേകതൾ എഴുതുക.
   - പത്രത്തിലെ മുഖപ്രസംഗം
   - കഥാപാത്ര നിരൂപണം
   - സ്പോർട്സ് ഫീച്ചർ
   - ക്രിക്കറ്റിൽ നിന്നും സച്ചിന്റെ വിടവാങ്ങൽ
5. 'അഗ്നിവർണ്ണന്റെ കാലുകളിൽ' കാണുന്ന തനതു നാടക സവിശേഷതകൾ എടുത്തെഴുതുക.
   - താളനിബദ്ധമായ സംഭാഷണങ്ങൾ
   - ലോകധർമ്മിയായ അഭിനയരീതി
   - പാട്ടും ആട്ടവും കൊട്ടും ചേർന്ന അവതരണ രീതി
   - മെലോഡ്രാമയുടെ അമിതസ്വാധീനം
6. യാത്രാവിവരണത്തിന്റെ രണ്ട് സവിശേഷതകൾ കണ്ടെത്തുക.
   - സ്ഥലത്തിന്റെ സമഗ്രമായ വിവരണം
   - ആത്മനിഷ്ഠതയ്ക്ക് അമിത പ്രാധാന്യം
   - ഹാസ്യാത്മകമായ അവതരണം
   - ലളിതവും ആകർഷകവുമായ ഭാഷാശൈലി

**7 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണത്തിന് ഉത്തരമെഴുതുക. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക 2 സ്കോർ വീതം. (3×2=6)**

7. കള്ളൻ തന്റെ മോഷണത്തെ ന്യായീകരിക്കുന്നതിന് രണ്ട് ഉദാഹരണങ്ങൾ കണ്ടെത്തുക.

8. 'എടുത്തെന്നാലതും കുറ്റം എടുക്കാഞ്ഞാലാതും കുറ്റം

കൊടുത്തെന്നാലതും കുറ്റം കൊടുക്കാഞ്ഞാലതും കുറ്റം' - വരികളിലെ കാവ്യഭംഗി എടുത്തു പറയാവുന്ന രണ്ടു സവിശേഷതകൾ എഴുതുക.

9. മനുഷ്യന്റെ അന്ധവിശ്വാസങ്ങളെക്കുറിച്ചുള്ള രണ്ട് സന്ദർഭങ്ങൾ 'ഗൗളിജന്മം' എന്ന കഥയിൽ നിന്നും ചൂണ്ടിക്കാട്ടുക.

10. പത്മരാജന്റെ കഥകളിൽ ദൃശ്യഭാഷ കടന്നുവരുന്നതിന് രണ്ട് ഉദാഹരണങ്ങൾ കണ്ടെത്തിയെഴുതുക.

**11 മുതൽ 17 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ആറെണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 4 സ്കോർവീതം. (6×4=24)**

11. നിലവിലുള്ള ഭരണവ്യവസ്ഥയോടുള്ള പരിഹാസമാണോ അടിച്ചുതളിക്കാരി എന്ന കഥാപാത്രത്തിലൂടെ വ്യക്തമാക്കുന്നത്? സ്വന്തം അഭിപ്രായം രേഖപ്പെടുത്തുക.

12. ജാതിമത വിവേചനത്തിനതീതമായി നിലനില്ക്കുന്ന ഒന്നാണ് കല. കലാമണ്ഡലം ഹൈദരലിയുടെ ജീവിതം ഈ പ്രസ്താവനയെ സാധൂകരിക്കുന്നതാണോ? നിങ്ങളുടെ അഭിപ്രായം വ്യക്തമാക്കുക.

13. പുലിക്കോട്ടിൽ ഹൈദറിനെ മറ്റ് മാപ്പിളപ്പാട്ട് രചയിതാക്കളിൽ നിന്നും വ്യത്യസ്തനാക്കുന്ന സവിശേഷതകൾ എന്തൊക്കെയാണ്?

14. പൊങ്ങച്ചത്തിന്റെ ആൾരൂപമാണോ ഗൗളിജന്മത്തിലെ സന്ദർശക? പ്രതികരിക്കുക.

15. ഓരോ യാത്രയും സംസ്കാരങ്ങളുടെ കൂടിച്ചേരലുകൾ കൂടിയാകുന്നുണ്ടോ? നിങ്ങളുടെ ഏതെങ്കിലും ഒരു യാത്രയെ മുൻനിർത്തി വിശകലനം ചെയ്യുക.

16. നവമാധ്യമങ്ങളെ മാറ്റിനിർത്തിയുള്ള ജീവിതം ഇന്ന് അസാധ്യമാണെന്ന് നിങ്ങൾ കരുതുന്നുണ്ടോ? സ്വാഭിപ്രായം രേഖപ്പെടുത്തുക.

17. വാംഖഡെയുടെ ഹൃദയത്തുടിപ്പുകൾ എന്ന സ്പോർട്സ് ഫീച്ചറിനെ മുൻനിർത്തി ഫീച്ചറിന്റെ സവിശേഷതകൾ എന്തൊക്കെയെന്ന് വ്യക്തമാക്കുക.

**18 മുതൽ 21 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. 6 സ്കോർ വീതം. (3×6=18)**

18. 'അഗ്നിവർണ്ണന്റെ കാലുകൾ' എന്ന നാടകത്തിൽ ആക്ഷേപഹാസ്യം സമർത്ഥമായി ഉപയോഗിച്ചിരിക്കുന്നു. പാഠഭാഗം പരിശോധിച്ച് വിലയിരുത്തുക.

19. യാത്രയുടെ അനുഭവം എന്നതിലപ്പുറം സഞ്ചാരസാഹിത്യകൃതികൾ പകർന്നു നൽകുന്ന സാംസ്കാരികമൂല്യങ്ങൾ ഏറെ വിലപ്പെട്ടതാണ്.' ബദരിയും പരിസരങ്ങളും, യമുനോത്രിയുടെ ഊഷ്മളതയിൽ എന്നീ പാഠഭാഗങ്ങളെ അടിസ്ഥാനമാക്കി ഈ പ്രസ്താവനയുടെ ഔചിത്യം പരിശോധിക്കുക.

20. മാജിക്കൽ റിയലിസം പോലുള്ള രചനാസങ്കേതങ്ങൾ 'പ്രകാശം ജലം പോലെയാണ്.', 'അവകാശങ്ങളുടെ പ്രശ്നം' എന്നീ രചനകളുടെ പ്രമേയാവിഷ്കാരത്തിന് പ്രയോജനപ്പെടുത്തിയത് എങ്ങനെയെന്ന് വിശദീകരിക്കുക.

21. 'റോഡ് സുരക്ഷ' എന്ന വിഷയത്തിൽ ഒരു മുഖപ്രസംഗം തയ്യാറാക്കുക.

**താഴെകൊടുത്തിട്ടുള്ള ഗദ്യഭാഗം വായിച്ച് 22 മുതൽ 24 വരെ ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. 2 സ്കോർ വീതം** **(3×2=6)**

ആനന്ദം തിരഞ്ഞുപോകുന്നവനാണ് കഥാപാത്രം എന്ന് സ്റ്റെന്താൾ ഒരിടത്ത് എഴുതിയിട്ടുണ്ട്. ചില മനുഷ്യരുടെ ആനന്ദം സ്മരണകളിലാണ്. എത്ര മുന്നോട്ട് സഞ്ചരിച്ചാലും സ്മരണകൾ അത്രയുമേറെ അവരെ പിന്നിലോട്ട് പിടിച്ചുകൊണ്ടുപോകും. ഇത്തരക്കാരുടെ പ്രാണൻ ഈ സ്മരണകൾക്കുള്ളിലാണ്. അതാണ് അവരുട വ്യക്തിസത്തയെയും സ്വത്വബോധത്തെയും നിശ്ചയിക്കുന്നത്. ഇതിനാൽ സ്മരണകൾ വ്യക്തിത്വത്തിന്റെ ആഖ്യാനം കൂടിയാകുന്നു. സാധാരണ മനുഷ്യർ അസാധാരണ കഥാപാത്രങ്ങളായിത്തീരുന്നത് ഈ ആഖ്യാനത്തിലൂടെയാണ്.

22. സ്റ്റെന്താൾ കഥാപാത്രങ്ങളെക്കുറിച്ച് എന്താണ് പറയുന്നത്?

23. സ്മരണകളുടെ പ്രത്യേകത എന്താണ്?

24. സ്മരണകൾ എന്തിന്റെ ആഖ്യാനമാണ്?

**25 മുതൽ 27 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 8 സ്കോർ വീതം.** **(2×8=16)**

25. പ്രകൃതി ചൂഷണത്തിനെതിരെ പ്രതികരിക്കുന്ന പരിസ്ഥിതിപ്രവർത്തകന്റെ പ്രതിനിധിയാണോ കാട്ടാളൻ? 'കിരാതവൃത്തം' എന്ന കവിതയെ അടിസ്ഥാനമാക്കി വിലയിരുത്തുക.

26. കുട്ടികളുടെ ഭാവനാത്മകമായ ലോകത്തെ ആവിഷ്കരിക്കുന്നതിൽ പ്രകാശം ജലംപോലെയാണ് എന്ന കഥ എത്രത്തോളം വിജയിച്ചിട്ടുണ്ട്? കഥയെ വിലയിരുത്തി അഭിപ്രായം എഴുതുക.

27. കയ്യൊപ്പില്ലാത്ത സന്ദേശം എന്ന പാഠഭാഗത്തെ ശ്രീധരൻ എന്ന കഥാപാത്രം നവമാധ്യമങ്ങളുടെ കുരുക്കിൽപ്പെട്ടുഴലുന്ന ആധുനികമനുഷ്യന്റെ പ്രതിനിധിയാണോ? നിങ്ങളുടെ അഭിപ്രായം എഴുതുക.

തയ്യാറാക്കിവർ

സുമേഷ് കാട്ടിൽ, ജി എച്ച് എസ് എസ് കുമ്പള

സരസ്വതി പി ചന്ദ്, ജി എച്ച് എസ് എസ് കാസറഗോഡ്

രസിത രാജേന്ദ്രൻ, ജി എച്ച് എസ് എസ് പൈവേലികനഗർ

ഷീജ എൻ എ, ജി എച്ച് എസ് എസ് ബെങ്കരമഞ്ജേശ്വർ

ദിയാന കെ കെ, എൻ എ ഗേൾസ് എച്ച് എസ് എസ്, എരുത്തുംകടവ്

രാജീവൻ കന്നട, എം എച്ച് എസ് എസ് പുതിഗെ

ഗണേശ് സി വി, ജി ഇ എം എച്ച് എസ് എസ്

ഡോ കെ വി സഞ്ജീവൻ (ഡി ആർ ജി കാസറഗോഡ്)

ഡോ ബി എസ് ബിനു(ഡി ആർ ജി കാസറഗോഡ്)